

# ...ത്യത്തെ കശാപ്പുചെയ്യരുത്!

(അജയ് ഘോഷ്)

കോൺഗ്രസ്സ് പാർലിമെണ്ടറി ബോർഡിന്റെ പ്രമേയം, കേരളത്തിൽ സാധാരണ സ്ഥിതിഗതികൾ പുനഃസ്ഥാപിക്കുന്നതിനുള്ള വ്യക്തവും സത്യസന്ധവുമായ നയം പ്രതീക്ഷിച്ചിരുന്നവരെയെല്ലാം അത്യധികം നിരാശരാക്കും.

ഇന്ത്യൻ ഭരണഘടനയെ ഉയർത്തിപ്പിടിക്കുമെന്നും അതിൽ പ്രതിഷ്ഠിതമായ ജനാധിപത്യനടപടിക്രമങ്ങളെ അനുവർത്തിക്കണമെന്ന് നിർബ്ബന്ധിക്കുകയും ചെയ്യുമെന്ന് ന്യായമായും ആശിച്ചിരുന്നവരെയെല്ലാം അത് ഞെട്ടിപ്പിക്കും. അങ്ങിനെ സ്വന്തം പാർട്ടിയുടെ അന്തസ്സിന്മേൽ മാത്രമല്ല, അവർ ഏതൊന്നിനെ പിടിച്ചാണയിടുന്നുവോ ആ പാർലിമെണ്ടറി ജനാധിപത്യത്തിന്മേലും ആഞ്ഞടിച്ചിരിക്കുകയാണ് കോൺഗ്രസ്സ് നേതാക്കൾ.

കോൺഗ്രസ്സിന്റെ കാഴ്ച്ചപ്പാടിലൂടെ മാത്രമല്ല, നാടിന്റെയും അതിന്റെ ജനാധിപത്യഘടനയുടെയും വിപുലതരമായ കാഴ്ച്ചപ്പാടിലൂടെയും സ്ഥിതിഗതികൾ പരിഗണിക്കപ്പെട്ടുവെന്ന പാർലിമെണ്ടറി ബോർഡിന്റെ അവകാശവാദം തികഞ്ഞ ഭോഷ്കാണ്.

നേരെ വിപരീതമാണ് സത്യം. നമ്മുടെ നാട്ടിലെ ജനാധിപത്യവ്യവസ്ഥിതിയും കോൺഗ്രസ്സിന്റെ സങ്കുചിതമായ വിഭാഗീയ താല്പര്യങ്ങളുടെ ഇരയാക്കപ്പെട്ടിരിക്കുന്നു. സത്യം പറഞ്ഞാൽ, വിഭാഗീയതയ്ക്കും കാലുഷ്യത്തിനും ഇതിലും മുന്നോട്ട് പോകാനാവില്ല.

മലയാളി ജനതയുടെ സ്വയംഭൂവായ വികാരങ്ങളുടെ സ്വാഭാവികപരിണാമമാണ്, ഒരു "ജനകീയ മുന്നേറ്റ"ത്തിന്റെ ഫലമാണ് "ഇപ്പോഴത്തെ സ്തംഭന"മെന്ന് പാർലിമെണ്ടറി ബോർഡ് അവകാശപ്പെടുന്നു. നേരെമറിച്ച് കേരളത്തിലെ ഭരണത്തെ സ്തംഭിപ്പിക്കാനുള്ള കണ്ണിൽ ചോരയില്ലാത്ത, കാലേക്കൂട്ടി ആലോചിച്ചുറച്ച സംരംഭത്തിന്റെ ഫലമാണിത്. ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട മന്ത്രിസഭയെ പുറത്താക്കാൻ മുതിർന്ന സാമുദായികവാദികളുമായി കോൺഗ്രസ്സ് പടച്ചുണ്ടാക്കിയ നാണംകെട്ട സഖ്യത്തിന്റെ സ്വാഭാവികഫലമാണിത്.

ഈ മൌലികവസ്തുതയെ മറച്ചുവെച്ചുകൊണ്ട് പാർലിമെണ്ടറിബോർഡ്, അതിന്റെ പ്രാദേശികനേതാക്കൾ ഇപ്പോൾ സജീവമായി ഏർപ്പെട്ടിരിക്കുന്ന, വ്യക്തമായും ഭരണഘടനാവിരുദ്ധവും ആക്രമാസക്തവുമായ, "വിമോചനസമര"ത്തിന്ന് പച്ചക്കൊടി കാട്ടിയിരിക്കുന്നു.

നിയമസഭയിൽ കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള മന്ത്രിസഭയുടെ ചെറിയ ഭൂരിപക്ഷത്തെയും തിരഞ്ഞെടുപ്പിൽ അതിന്ന് ന്യൂനപക്ഷവോട്ടുകളാണ് ലഭിച്ചതെന്ന വസ്തുതയെയും പാർലിമെണ്ടറിബോർഡ് പരാമർശിക്കുന്നു. നിയമസഭയിൽ ഒരിക്കൽ പരാജയപ്പെട്ടിട്ടും കോൺഗ്രസ്സ് മന്ത്രിസഭയെ ഉദ്യോഗത്തിൽ പിടിച്ചിരുത്തിയ ഒറീസ്സ വിസ്മരിക്കപ്പെട്ടതുപോലെ തോന്നുന്നു. മൈസൂരിൽ മാത്രമാണ് കോൺഗ്രസ്സിന്ന് ഭൂരിപക്ഷവോട്ടുകൾ ലഭിച്ചിട്ടുള്ളതെന്ന വസ്തുത മറച്ചുവെക്കാൻ അതു ശ്രമിക്കുന്നു. 1951–52-ലെ പൊതുതിരഞ്ഞെടുപ്പിനെ തുടർന്ന് മദിരാശിയിൽ സംഭവിച്ചതെന്തെന്ന്, പ്രതിപക്ഷത്തിന്ന് കൂടുതൽ സീറ്റുകളുണ്ടായിട്ടും കോൺഗ്രസ്സ് മന്ത്രിസഭയെ കുടിയിരുത്തിയ സംഭവം, വിസ്മരിക്കപ്പെട്ടപോലെ തോന്നുന്നു. ചെറിയ ഭൂരിപക്ഷത്തെയും ന്യൂനപക്ഷവോട്ടുകളെയും കുറിച്ചു പറയേണ്ടത് ആ നാക്കുകളല്ല.

യാഥാർത്ഥ്യങ്ങളുടെ നേരെ മനഃപൂർവ്വം കണ്ണടച്ചുകൊണ്ട്, കേരള ഗവർമ്മെണ്ടിനെ ഉണച്ചിരുന്ന പലരും ഇപ്പോൾ പ്രതിപക്ഷത്തെ നോക്കുന്നുവെന്ന് പാർലിമെണ്ടറി ബോർഡ് ഉറപ്പിച്ചുപറയുന്നു. കമ്യൂണിസ്റ്റ് പാർട്ടിയുടെ സ്വാധീനം വ്യക്തമായും വർദ്ധിച്ചുവെന്ന് കാണിക്കുന്ന നിയമസഭാ ഉപതെരഞ്ഞെടുപ്പിനെയും പഞ്ചായത്ത് മുനിസിപ്പൽ തെരഞ്ഞെടുപ്പുകളെയും പരാമർശിക്കുന്നതിൽ നിന്നും എന്തുകൊണ്ടത് ഒഴിഞ്ഞുമാറുന്നു? മുനിസിപ്പൽ തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ്സിന്റെ പടുതോൽവി ദർശിച്ച മദിരാശി സംസ്ഥാനത്തെപ്പറ്റി എന്തു പറയുന്നു? രാജിവെപ്പും പുതിയ തെരഞ്ഞെടുപ്പും വേണ്ട, കോൺഗ്രസ്സ് മന്ത്രിസഭ ജനകീയവികാരങ്ങളെ മാനിക്കണമെന്ന സ്വകാര്യംപറച്ചിൽ പോലും നാം കേൾക്കുകയുണ്ടായില്ല.

"ഭരണകൂടം കൂടെക്കൂടെ മർദ്ദനോപകരണമുപയോഗിക്കുന്ന"തിനെപ്പറ്റിയുള്ള കപടരോഷമാണ് എല്ലാറ്റിലും വെച്ച് പ്രാകൃതമായിട്ടുള്ളത്. കമ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള ഗവർമ്മെണ്ട് പ്രദർശിപ്പിക്കുന്ന സഹിഷ്ണുതയും ക്ഷമയും നിയന്ത്രണവും എല്ലാ നിഷ്പക്ഷനിരീക്ഷകരെയും ആകർഷിച്ചിട്ടുണ്ട്. അക്രമം ചെയ്യാനുള്ള പരസ്യമായ ആഹ്വാനങ്ങളും കല്ലുകൾ ശേഖരിക്കാനും ഭരണം സ്തംഭിപ്പിക്കാനും ഉദ്യോഗസ്ഥന്മാരോടുള്ള അഭ്യർത്ഥനകളുമുണ്ടായിട്ടും യോഗങ്ങൾ നിരോധിക്കപ്പെടുന്നില്ല; കരുതൽ തടങ്കൽ നിയമമനുസരിച്ച് പ്രതിപക്ഷനേതാക്കൾ അറസ്റ്റ് ചെയ്യപ്പെടുന്നില്ല. മറ്റൊരു സ്റ്റേറ്റ് ഗവർമ്മെണ്ടിനും, പ്രതിപക്ഷത്തോടുള്ള പെരുമാറ്റത്തിൽ, ഇത്തരമൊരു റിക്കാർഡ് കാണിക്കാനാവില്ല.

കാലുഷ്യംകൊണ്ട് അടിതെറ്റിയ പാർലിമെണ്ടറി ബോർഡ് കേരളത്തിലെ പോലീസ് വെടിവെപ്പുകളെ കുറിച്ച് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്ത്യൻ ജനതക്ക് ബുദ്ധിയും ഓർമ്മശക്തിയുമില്ലെന്നാണോ അതു കരുതുന്നത്? ബോംബെയിലും അഹമ്മദാബാദിലും പഞ്ചാബിലും പോലീസ് കൂട്ടക്കൊലകൾ നടത്തിയപ്പോൾ ഈ പാർലിമെണ്ടറിബോർഡ് എവിടെയായിരുന്നു? ഉടനടി ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് സ്വന്തം മന്ത്രിസഭകളോട് എന്തുകൊണ്ട് നിർദ്ദേശിച്ചില്ല? മരിച്ചവരെപ്പോലും വിധേയമാനപര

മായ രാഷ്ട്രീയത്തിന്റെ കളിപ്പാട്ടമാക്കുകയാണോ?

വികസനപ്രവർത്തനങ്ങളെ, ആസൂത്രിതമായ സാമ്പത്തികപുരോഗതിയെ സംബന്ധിച്ച് പാർലിമെണ്ടറിബോർഡ് വ്യക്തമായും കാപട്യം നിറഞ്ഞ ഉൽക്കണ്ഠ പ്രദർശിപ്പിക്കുന്നു. ഗവർമ്മെണ്ടിന്റെ എല്ലാത്തരം നടപടികൾക്കും സഹകരണം നിഷേധിക്കുന്നതിൽ കേരളത്തിലെ കോൺഗ്രസ്സ് മുന്നണിയിലാണെന്ന് പരക്കെ അറിയാം. ഈ പ്രക്ഷോഭണം തന്നെയും സംസ്ഥാനത്തെ സമ്പത്തും ജനക്ഷേമവും വർദ്ധിപ്പിക്കുന്നതിനും അവരുടെ ജീവിതത്തെ ജനാധിപത്യവൽക്കരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിൽനിന്നും മന്ത്രിസഭയെ തടയുന്നതിനുള്ളതാണെന്നതു് കുറച്ചുവെക്കപ്പെട്ടിട്ടില്ല.

ഈ നെറികേടിലൂടെ മുന്നേറുന്ന പാർലിമെണ്ടറിബോർഡ്, കോൺഗ്രസ്സിപ്പോൾ കത്തോലിക്കാബിഷപ്പന്മാരും നായർ മാടമ്പിമാരും മുസ്ലിംവർഗ്ഗീയവാദികളുമായി പരസ്യമായ കൂട്ടുകെട്ടിലാണെന്ന വസ്തുതയെപ്പററി സൗകര്യപൂർവ്വം മൗനം ഭജിക്കുകയാണ്. വർഗ്ഗീയതക്കെതിരായി വീണ്ടും വീണ്ടും ഉച്ചരിക്കപ്പെട്ട, കോൺഗ്രസ്സ്പ്രവർത്തകസമിതി ഈയിടെ മാത്രം ആവർത്തിച്ച ധീരവചനങ്ങൾ എവിടെപ്പോയി?

പരിപൂർണ്ണമായ കുഴപ്പം സൃഷ്ടിക്കാനും മന്ത്രിസഭയെ നിലംപതിപ്പിക്കാനും ഉന്നംവെച്ചുകൊണ്ടുള്ള അക്രമാസക്തമായ നടപടികളെ കുറിച്ച് പ്രമേയത്തിൽ ഒരൊററ വാക്കില്ല. പിക്കററിങ്ങിനെപ്പോലും തുറന്നധിക്ഷേപിച്ചിട്ടില്ല; കളക്ടറേററുകളുടേയും ഗവർമ്മെണ്ടാപ്പീസുകളുടേയും മുമ്പിലുള്ള പിക്കററിങ്ങിനെ കുറിച്ച് അർത്ഥവത്തായ മൗനം—അംഗീകാരം വരെ അതു് എത്തുന്നുണ്ട്—ദീക്ഷിക്കപ്പെടുന്നു.

കമ്മ്യൂണിസ്റ്റുപാർട്ടിയിൽനിന്നും വിരുദ്ധരായ, ഇന്ത്യയിലെമ്പാടുമുള്ള നിരവധി പേരുടെ ഉപദേശത്തിനു വിധേയമായിക്കഴിഞ്ഞിട്ടുള്ള കേരളകോൺഗ്രസ്സിന്റെ കൂട്ടുകെട്ടുകളെയും തന്ത്രങ്ങളെയും പാർലിമെന്ററി ബോർഡ്, എല്ലാ പൊതുജനാഭിപ്രായങ്ങളെയും വിഗണിച്ചുകൊണ്ട്, മിക്കവാറും അംഗീകരിച്ചിരിക്കയാണ്.

പ്രധാനമന്ത്രി നൽകിയ ഉപദേശത്തെ മാനിച്ചുകൊണ്ട് കേരളമന്ത്രിസഭ ഉന്നയിച്ച ഏററവും ന്യായമായ നിർദ്ദേശം അംഗീകരിക്കുവാൻ പാർലിമെന്ററി ബോർഡ് സ്വന്തം പാർട്ടിക്കാരെ നിർബന്ധിച്ചില്ലെന്നതു് അത്ഭുതകരമായിരിക്കുന്നു. ഇതിനെ കുറിച്ച് പാർലിമെണ്ടറിബോർഡ് ഒന്നും മിണ്ടുന്നില്ലെന്നതു് സാമാന്യബുദ്ധിക്ക് മനസ്സിലാക്കാൻ വയ്യാത്ത കാര്യമാണ്.

കേരളവിദ്യാഭ്യാസനിയമമാകെ നിർത്തിവെക്കണമെന്ന അപഹാസ്യമായ ആവശ്യമാണ് അത് ഉന്നയിച്ചിട്ടുള്ളതു്. ആയിരക്കണക്കിനു അദ്ധ്യാപ[illegible] വിട്ടുകൊടുക്ക[illegible]ന്ന ഈ ജനവിരോധത്തോടുള്ള ഉത്തരവാദിത്വം വെച്ചൊഴിയുവാൻ കേരളമന്ത്രിസഭയോട് കോൺഗ്രസ്സ്നേതൃത്വം ഫലത്തിൽ ആവശ്യപ്പെടുകയാണ് ചെയ്യുന്നതു്.

ഈ നിയമത്തിനു സ്റ്റേറ്റുനിയമസഭ രണ്ടുതവണ പാസ്സാക്കിയശേഷം രാഷ്ട്രപതിയുടെ അനുമതി ലഭിച്ചുവെന്നുമാത്രമല്ല, ഇതിനെപ്പററി സുപ്രീംകോടതിയും അതിന്റെ വിധി പ്രസ്താവിച്ചിട്ടുണ്ടെന്നതു് സ്മരണീയമാണ്. എന്നിട്ടിപ്പോൾ അതു് വേണ്ടെന്നുവെക്കണം.

സംയുക്തമഹാരാഷ്ട്ര പ്രക്ഷോഭണത്തോടു് അദ്ദേഹമെടുത്ത നിലപാട് പണ്ഡിററ് നെഹ്റു അനുസ്മരിക്കുന്നുണ്ടോ? പാസാക്കപ്പെട്ട നിയമത്തിൽ മാററംവരുത്തണമെന്ന ആഗ്രഹത്തെപ്പോലും, അദ്ദേഹംതന്നെ സംശയത്തിന്നിടമില്ലാത്തവിധം അധിക്ഷേപിച്ചതു് നെഹ്റു ഓർക്കുന്നുണ്ടോ? വ്യക്തമായും മുഴുവൻ മഹാരാഷ്ട്ര ജനതയുടേയും പിന്തുണയുണ്ടായിരുന്ന ഒരാവശ്യത്തിന്റെ നേരെ അദ്ദേഹമെടുത്ത നിലപാട് ഇതായിരുന്നു. കേരളത്തിലെ ഒരുപിടി സ്ഥാപിതതാല്പര്യക്കാരുടെ ആവശ്യത്തിന്റെ കാര്യത്തിൽ എന്തുകൊണ്ടാണ് മാററം സംഭവിച്ചതു്?

കേരളമന്ത്രിസഭ ഇതെല്ലാം ചെയ്യണമെന്നും അതോടൊപ്പംതന്നെ രാജിവെച്ച് പുതിയ തിരഞ്ഞെടുപ്പ് അനുവദിക്കണമെന്നും പാർലിമെന്ററിബോർഡ് വിതർക്കവാദം ചെയ്യുന്നു! കേരളത്തിലെ ജനകീയഗവണ്മെണ്ടിനെ എങ്ങിനെയെങ്കിലും മറിച്ചിടുക, മറെറാന്നും കാര്യമാക്കാനില്ല, എന്നതാണെല്ലാമെന്ന വ്യക്തമായിരിക്കുന്നു. ഇതു തികച്ചും വിനാശിയും നാട്ടിലെ പ്രധാന രാഷ്ട്രീയകക്ഷിക്ക് തീരെ നിരക്കാത്തതുമായ ഒരു നിലപാടാണ്.

"പ്രത്യക്ഷസമര"ത്തെയും "വിമോചനസമര"ത്തെയും നിശിതമായി വിമർശിക്കുന്ന പൊതുജനാഭിപ്രായത്തെ വഞ്ചിക്കുവാനുള്ള പ്രാകൃതമായ ഒരു ശ്രമമാണ് ഇതു് തിരഞ്ഞെടുപ്പുകൾക്കുവേണ്ടിയുള്ള നിർദ്ദേശം. തികച്ചും പിന്തിരിപ്പനും ഭരണഘടനാവിരുദ്ധവുമായ പ്രസ്ഥാനത്തിന് "ഭ


# സ്ഖലനനിവാരണി

## യുവലോകത്തിനു അനുഗ്രഹീതമായ സിദ്ധൗഷധം

മൂത്രത്തിനു മുമ്പോ, പിമ്പോ, മലവിസർജ്ജനസമയത്തിലോ, ഉറക്കത്തിലോ, സ്വപ്നംകണ്ടോ, അല്ലാതെയോ ഉണ്ടാകുന്ന നാനാതരം ഇന്ദ്രിയസ്ഖലനരോഗങ്ങളേയും ഫലപ്രദമായി ആശ്വാസപ്പെടുത്തുവാൻ ഞങ്ങളുടെ **'സ്ഖലനനിവാരണി''** എന്ന സിദ്ധൗഷധത്തിനു ശക്തിയുണ്ട്. ഈ സിദ്ധൗഷധം ആയിരക്കണക്കിനു ആളുകൾ ഉപയോഗിച്ച് തൃപ്തികരമായ ഫലം രേഖപ്പെടുത്തിയിട്ടുണ്ട്.

രണ്ടാഴ്ചത്തേക്കുള്ള കുപ്പി 1-ക്ക് 5 ക. 8 ണ. വി. പി. ചാർജ്ജ് 1 ക. 19 ന. പ

**മാനേജർ, എസ്സ്. ഡി. ഫാർമസി, ആലപ്പി.**

ബ്രാഞ്ചുകൾ— ചേർത്തല, അമ്പലപ്പുഴ, കുതിയതോട്,
പാലാ, എടത്വാ, & തോപ്പുംപടി (കൊച്ചി)